WEDNESDAY 11/09/2024 ബുധനാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** Nizam S A **Editor:** Dr. Binu Harriet Ivan

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 11/09/2024

1. 'ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി'യുടെ ഭാഗമായി തിരുവനന്തപുരം സെക്രട്ടറിയേറ്റ് അങ്കണത്തിൽ നടപ്പിലാക്കിയ പച്ചക്കറി കൃഷിയുടെ വിളവെടുപ്പ് ഉദ്ഘാടന കർമ്മം 11/09/2024 ബുധനാഴ്ച രാവിലെ 11.00 മണിയ്ക്ക് മുഖ്യമന്ത്രി  പിണറായി വിജയൻ നിർവ്വഹിക്കുന്നു.

2. ജൈവ കൃഷി ചെയ്യുന്ന കർഷകർക്ക് അവരുടെ ജൈവ കാർഷിക ഉൽപ്പന്നങ്ങൾക്ക് കൃഷി വകുപ്പ് നിലവിൽ നടപ്പിലാക്കിവരുന്ന PGS / NPOP ജൈവ സാക്ഷ്യപ്പെടുത്തലിലൂടെ മികച്ച വിപണി കണ്ടെത്തുകയും അതിലൂടെ കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുവാനും സാധിക്കും. ജൈവ കാർഷിക മിഷന്റെ ആദ്യ  ഗവർണിങ് കൗൺസിൽ യോഗത്തിൽ യോഗാധ്യക്ഷനായ കേരള സംസ്ഥാന കൃഷി വകുപ്പ് മന്ത്രി നിർദ്ദേശിച്ചതനുസരിച്ചു ജൈവ കാർഷിക ഉല്പന്നങ്ങൾക്കും ഉത്തമ കൃഷിമുറകൾ പാലിച്ചു ഉത്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾക്കും കേരളഅഗ്രോ ഓർഗാനിക്, കേരളആഗ്രോ ഗ്രീൻ എന്നിങ്ങനെ ബ്രാൻഡിംഗ് ചെയ്തു വിപണിയിൽ എത്തിക്കുന്നതാണ്. കേരളഅഗ്രോ ഓർഗാനിക്, കേരളആഗ്രോ ഗ്രീൻ എന്നീ ലോഗോകളുടെ launching ഉം ടി കാർഷിക ഉൽപ്പന്നങ്ങളുടെ ആദ്യ വിൽപ്പനയും ഇന്ന് (11/09/2024 നു) പകൽ 12 മണിക്ക് കേരള സെക്രട്ടറിയേറ്റിലെ ലയം ഹാളിൽ ചേരുന്ന യോഗത്തിൽ കൃഷി വകുപ്പ് മന്ത്രി ഉത്ഘാടനം നിർവഹിക്കുന്നതാണ്.

3. ക്ഷീരകർഷകർക്ക് ഓണ സമ്മാനമായി ഓണ മധുരം പദ്ധതി മന്ത്രി ജെ.ചിഞ്ചുറാണി ഉദ്ഘാടനം ചെയ്തു. കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡിൻ്റെ നേതൃത്വത്തിൽ ക്ഷീരകർഷകർക്ക് 300 രൂപ ധനസഹായം നൽകുന്ന ഓണമധുരം 2024 പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ക്ഷീര വികസന -മൃഗ സംരക്ഷണവകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നിർവഹിച്ചു. പഴയകട എം.ഡബ്ല്യൂ.എസ് ഓാഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ കെ.ആൻസലൻ എം.എൽ.എ അധ്യക്ഷനായിരുന്നു.

4. ചെറുകിട കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപണിക്കായുള്ള സർവ്വീസ് ക്യാമ്പ് 1000 രൂപ വരെയുള്ള യന്ത്ര ഭാഗങ്ങൾ സൗജന്യം പണിക്കൂലി പരമാവധി 500 രൂപ വരെ സബ്സിഡി

2024 സെപ്റ്റംബർ 25 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്കായി കൃഷി ഭവനുമായോ വയനാട് കൃഷി അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ 9383471924 ,9383471925 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപെടുക.

5. വിള ഇൻഷുറൻസ് റാബി 2024 കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷുറൻസ് ഉപയോഗിച്ച്, വിളകളായ നെല്ലും പച്ചക്കറികളും (പടവലം. പാവൽ, പയർ, കുമ്പളം, മാത്തൻ, വെള്ളരി, വെണ്ട, പച്ചമുളക്) കാലാവസ്ഥാ ദുരന്തങ്ങളിൽ നിന്ന് സംരക്ഷിക്കുക. സംസ്ഥാന സർക്കാർ ഓരോ വിളയുടെയും കാലാവസ്ഥാ അപകടസാധ്യതകൾ വിശദീകരിച്ചിട്ടുണ്ട്, തത്സമയ കാലാവസ്ഥാ ഡാറ്റയെ അടിസ്ഥാനമാക്കിയാണ് നഷ്ടപരിഹാരം. എന്തെങ്കിലും നഷ്ട മുണ്ടായാൽ 72 മണിക്കൂറിനുള്ളിൽ കൃഷിഭവനെയോ ഇൻഷുറൻസ് കമ്പനിയെയോ അറിയിക്കണം. രജിസ്ട്രേഷന് ആവശ്യമായ രേഖകൾ: ആധാർ കാർഡ്, ബാങ്ക് പാസ്ബുക്ക്, ഭൂനികുതി രസീത്, പാട്ടകരാർ (പാട്ടത്തിനാണ് കൃഷി ചെയ്യുന്നതെങ്കിൽ).

6. കൃഷിഭവനുകളുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ കാർഷിക രംഗത്തെപ്പറ്റി മനസ്സിലാക്കുവാനും ക്രോപ്പ് പ്ലാനിംഗ് & കൾട്ടിവേഷൻ, മാർക്കറ്റിംഗ്, എക്സ്റ്റൻഷൻ, അഡ്മിനിസ്ട്രേഷൻ, അനുബന്ധ മേഖലകൾ എന്നിവയിൽ പ്രായോഗിക പരിശീലനം നേടുവാനും അവസരം ഒരുക്കുന്ന ഇൻറേൺഷിപ് പദ്ധതിയിലേക്ക് കേരള സർക്കാർ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചിരിക്കുന്നു. യോഗ്യത-

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വി.എച്ച്.എസ്.ഇ (അഗ്രി), കൃഷി ശാസ്ത്രത്തിൽ /ജൈവ കൃഷിയിൽ ഡിപ്ലോമ. പ്രായം - 01/08/2024 ൽ 18 മുതൽ 41 വയസ്സു വരെ. തെരെഞ്ഞടുക്കപ്പെടുന്നവർക്ക് പ്രതിമാസം 5000 രൂപ പ്രോത്സാഹനമായി നൽകുന്നതാണ്. പരമാവധി ആറു മാസം (180 ദിവസം) ആയിരിക്കും ഇന്റേൺഷിപ്പിന്റെ കാലാവധി. താല്പര്യമുള്ള നിശ്ചിത യോഗ്യതയുള്ളവർ (www.keralaagriculture.gov.in (വെബ് സൈറ്റിൽ 13/09/2024 വരെ ഓൺലൈനായും നേരിട്ടും അപേക്ഷകൾ സമർപ്പിക്കാവുന്നാണ്. അപേക്ഷ ഫോറം വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് യോഗ്യത തെളിയിക്കുന്ന രേഖകൾ സഹിതം ഇന്റർവ്യൂ വേളയിൽ സമർപ്പിക്കേണ്ടതാണ്. തെരെഞ്ഞെടുക്കപ്പെടുന്നവർ കൃഷിഭവനുകളിലാണ് നിയോഗിക്കപ്പെടുന്നത്. വിജയകരമായി ഇൻറേൺഷിപ് പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതായിരിക്കും. പ്രവൃത്തി പരിചയ സാക്ഷ്യ പത്രമായി ഇത് ഉപയോഗിക്കാവുന്നതാണെന്ന് തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

7. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ കന്നുകാലികളുടെ ചികിത്സയ്ക്കായി പേറ്റന്റ് വെറ്ററിനറി മരുന്നുകൾ 2024-25 സാമ്പത്തിക വർത്തേയ്ക്ക് വിതരണം നടത്തുന്നതിന് താല്പര്യമുള്ളവരിൽനിന്ന് മുദ്രവച്ച മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ ലഭിക്കേണ്ട അവസാന തിയതി 25/09/2024-ാം തിയതി പകൽ 11 മണിവരെയാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2732962 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

8. വെള്ളായണികാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാമിൽനിന്നും ഇന്ത്യൻ തേനിച്ചയുടെ കോളനികൾ കൂടൊന്നിന് 1400/- രൂപാനിരക്കിലും. മണ്ണിരക്കമ്പോസ്റ്റിനനുയോജ്യമായ യുഡ്രിലസ് ഇനത്തിൽപ്പെട്ട മണ്ണിരകൾ 100 ഗ്രാമിന് 100

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രൂപനിരക്കിലും കോമാടൻ, വെസ്റ്റ് കോസ്റ്റ് ടാൾഎന്നി തെങ്ങിൻ തൈകൾ യഥാക്രമം 130, 120 രൂപാ നിരക്കുകളിലും എല്ലാ പ്രവർത്തി ദിവസങ്ങളിലും സെയിൽസ് കൗണ്ടറിൽ നിന്ന് വിപണനത്തിന് ലഭ്യമാണ്. പ്രവർത്തനസമയം രാവിലെ 9 മുതൽ വൈകിട്ട് 4 മണിവരെ യാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2383572, 8848277143 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക

## പരിശീലന പരിപാടി

9. ഓണത്തോടനുബന്ധിച്ച് കോട്ടയം ക്ഷീരവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഓണക്കാല ഊർജ്ജിത പാൽ ഗുണനിലവാരപരിശോധനയും ഇൻഫർമേഷൻ സെന്ററും 2024 സെപ്റ്റംബർ 10 ന് ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ 14 ന് ശനിയാഴ്ച ഉച്ചക്ക് 12 മണി വരെയുള്ള തീയതികളിൽ ക്ഷീരവികസന വകുപ്പിൻ്റെ കോട്ടയം ജില്ല ആസ്ഥാനത്ത് വെച്ച് നടത്തപ്പെടുന്നു. ഉപഭോക്താക്കൾക്ക് വിപണിയിൽ ലഭ്യമാകുന്ന ഓരോ ബ്രാൻഡ് പാലിന്റെയും ഗുണനിലവാരം സൗജന്യമായി പരിശോധിച്ചറിയുന്നതിനും തങ്ങൾ ഉപയോഗിക്കുന്ന പാലിൻ്റെ ഗുണനിലവാരം സംബന്ധിച്ച സംശയങ്ങൾ ഇല്ലാതാക്കുന്നതിനുമുള്ള ക്രമീകരണങ്ങൾ ഇവിടെ എല്ലാ ദിവസവും രാവിലെ 10 മണി മുതൽ വൈകിട്ട് 6 മണി വരെയുള്ള സമയത്തിനകം സൗജന്യമായി പരിശോധനയ്ക്ക് കൊണ്ട് വരാനുള്ള സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നു.

10. ഓണക്കാലത്ത് പൊതുജനങ്ങൾക്ക് പാലിന്റെ ഗുണനിലവാരം മനസിലാക്കുന്നതിനും സാമ്പിളുകൾ പരിശോധിച്ച് ഗുണമേന്മ ബോധ്യമാക്കുന്നതിനും പാലിൻ്റെയും പാൽ ഉത്പന്നങ്ങളുടെയും ഗുണനിലവാരം സംബന്ധിച്ച് അവബോധം നൽകുന്നതിനുമായി ക്ഷീര വികസന വകുപ്പ് എറണാകുളം ജില്ലാ ഗുണനിയന്ത്രണ വിഭാഗത്തിന്റെ നേതൃത്വത്തിൽ ജില്ലാ ഇൻഫർമേഷൻ സെന്റർ സെപ്തംബർ 10 മുതൽ 14 വരെ പ്രവർത്തിക്കും. പൊതുവിപണിയിൽ ലഭ്യമാകുന്ന വിവിധ ബ്രാൻഡുകളിലെ പാലിൻ്റെ ഗുണനിലവാരം

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉപഭോക്താക്കൾക്ക് സൗജന്യമായി പരിശോധിക്കുന്നതിനുള്ള ക്രമീകരണങ്ങൾ കാക്കനാട് സിവിൽ സ്റ്റേഷനിനു അഞ്ചാം നിലയിലെ ജില്ലാ ഗുണനിയന്ത്രണ യൂണിറ്റിൽ ഏർപ്പെടുത്തിയിട്ടുണ്ട്. പരിശോധനയ്ക്കുള്ള പാൽ സാമ്പിളുകൾ 200 ml ൽ കുറയാത്ത രീതിയിലും പാക്കറ്റ് പാൽ പൊട്ടിക്കാത്ത രീതിയിലും കൊണ്ടുവരണം. കൂടുതൽ വിവരങ്ങൾക്ക് - 0484 2425603 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

11. റബ്ബറിന്റെ മണ്ണും ഇലയും പരിശോധിച്ചുള്ള വളപ്രയോഗത്തെക്കുറിച്ച് അറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ 2024 സെപ്റ്റംബർ 11 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ മറുപടി നൽകുന്നതാണ്. കോൾസെന്റർ നമ്പർ 0481 2576622.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം